File No.DMA1/222/2019-DMD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2019 - ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ)നം.22/2019/DMD    തീയതി, തിരുവനന്തപുരം, 17/08/2019

---

പരാമർശം:- 1. സ.ഉ.(കൈ)നം.194/2015/ഡി.എം.ഡി. തീയതി 20.05.2015
2. സ.ഉ.(കൈ)നം.07/2018/ഡി.എം.ഡി. തീയതി 21.06.2018
3. സ.ഉ.(കൈ)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018
4. സ.ഉ.(കൈ)നം.24/2018/ഡി.എം.ഡി. തീയതി 26.10.2018
5. സ.ഉ.(കൈ)നം.02/2019/ഡി.എം.ഡി. തീയതി 11.02.2019
6. സ.ഉ.(സാധാ)നം.124/2019/ഡി.എം.ഡി. തീയതി 16.02.2019

<u>ഉത്തരവ്</u>

കേരളം നേരിട്ടുകൊണ്ടിരിക്കുന്ന മഴക്കെടുതിയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും മൂലമുള്ള ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പ്രളയത്തിന്റെ തീവ്രതയും ദുരിതത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് അർഹമായ വില്ലേജുകളെ പ്രളയബാധിത പ്രദേശങ്ങളായി ദുരന്ത നിവാരണ നിയമവും ചട്ടങ്ങളും പ്രകാരം വിജ്ഞാപനം ചെയ്യുവാൻ ആവശ്യമായ ശിപാർശ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സർക്കാരിലേക്ക് സമർപ്പിക്കണം.

2. ദുരന്ത ബാധിത കുടുംബം എന്നാൽ ചുവടെ ചേർക്കുന്ന വിധം നിർവ്വചിക്കുന്നു.

(a) പ്രളയജലം പ്രവേശിച്ച വീടുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ

അല്ലെങ്കിൽ

(b) പ്രകൃതിക്ഷോഭത്തിൽ ഭാഗികമായോ പൂർണ്ണമായോ(15% മുതൽ 100% വരെ) തകർച്ച നേരിട്ട വീടുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ

അല്ലെങ്കിൽ

FEELA

(c) പ്രകൃതിദുരന്ത സാധ്യത സംബന്ധിച്ച മുന്നറിയിപ്പ് അനുസരിച്ച് വീട് വിട്ട് സർക്കാർ അംഗീകൃത ക്യാമ്പുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ.

3. ദുരന്ത ബാധിതർക്ക്, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള അടിയന്തിര സഹായമായി പരമാവധി 10,000/- രൂപ അനുവദിക്കുന്നു. **സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ളതിൽ അധികമായി ആവശ്യമായി വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ടെത്തുന്നതാണ്.**

4. അടിയന്തിര സഹായം ലഭിക്കേണ്ട അർഹരായവരെ നിശ്ചയിക്കുന്നതിന്റെ ചുമതല സ്ഥലത്തെ വില്ലേജ് ഓഫീസറും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ (പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ) സെക്രട്ടറിയും അടങ്ങുന്ന രണ്ടംഗ സമിതിയെ ചുമതലപ്പെടുത്തുന്നു.

5. പ്രകൃതിദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള ദുരിതാശ്വാസ സഹായം നൽകുവാൻ **ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.**

6. പൂർണ്ണമായും തകർന്നതോ, പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ (75% അധികം നാശനഷ്ടം നേരിട്ട വീടുകൾ) ചെയ്ത വീട് ഒന്നിന് നാല് ലക്ഷം രൂപയും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനായി ആറ് ലക്ഷം രൂപയും അനുവദിക്കുന്നു. ഇതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിന് ഉപരിയായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

7. പ്രളയം മൂലം വിവിധ വകുപ്പുകളുടെ കീഴിലുണ്ടായ നാശനഷ്ടങ്ങൾക്ക് 2018-ലെ പ്രളയത്തെ തുടർന്ന് പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് വേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡപ്രകാരം തുക അനുവദിക്കേണ്ടതും അപ്രകാരമുള്ള പ്രവൃത്തികൾ നടത്തേണ്ടതുമാണ്.

8. ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകൾ കൈമാറി നൽകുന്നതിന് പൊതുമേഖലാ - സഹകരണ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകൾ, എക്സ്ചേഞ്ച് ചാർജ്ജുകൾ എന്നിവ ഒഴിവാക്കണമെന്ന് സംസ്ഥാന ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടേണ്ടതാണ്. ധനകാര്യ വകുപ്പും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ യോജിച്ച് സ്വീകരിക്കേണ്ടതാണ്.

9. ദുരിതബാധിതർക്ക് ദുരിതാശ്വാസമായി സർക്കാർ നൽകുന്ന തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കുന്ന അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടേണ്ടതാണ്. ധനകാര്യ വകുപ്പും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ യോജിച്ച് സ്വീകരിക്കേണ്ടതാണ്.

FEELA

10. സമയബന്ധിതമായി ദുരിതാശ്വാസത്തിനുള്ള നഷ്ടപരിഹാരം നൽകാൻ ആവശ്യമായ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും വ്യാപാരസ്ഥാപനങ്ങളുടെ നഷ്ടപരിഹാരം സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുവാനും ചുവടെപ്പറയുന്നവർ അംഗങ്ങളായ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുന്നു.

1) ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും കായിക യുവജനക്ഷേമവും വകുപ്പ് മന്ത്രി)

2) ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

3) ശ്രീ. കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)

4) ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

5) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും പുരാവസ്തുവും പുരാരേഖയും മ്യൂസിയവും വകുപ്പ് മന്ത്രി)

11. പ്രളയ ദുരന്തം ബാധിച്ച വില്ലേജുകളിലുള്ള കുടുംബങ്ങൾക്കും കടലോര പ്രദേശങ്ങളിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 15 കിലോ ഗ്രാം വീതം സൗജന്യ റേഷൻ ഓഗസ്റ്റ് മാസത്തിൽ അനുവദിക്കേണ്ടതാണ്. അന്ത്യോദയ അന്ന യോജന (എ.എ.വൈ) പദ്ധതിയിൻ കീഴിൽ 35 കിലോ ഗ്രാം വീതം സൗജന്യ റേഷൻ കിട്ടുന്ന കുടുംബങ്ങളെ ഇതിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. ഇതിന്റെ ചെലവ് തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കേണ്ടതാണ്.

12. ഇപ്പോഴത്തെ പ്രകൃതിദുരന്തത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി അർഹമായ സഹായം കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെടുന്നതിനായി വിശദമായ മെമ്മോറാണ്ടം തയ്യാറാക്കാൻ ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസ്, ആഭ്യന്തര - ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വിശ്വാസ് മേത്ത, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മനോജ് ജോഷി, റവന്യൂ-ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു, കാർഷികോത്പാദന കമ്മീഷണർ ശ്രീ. ദേവേന്ദ്ര കുമാർ സിംഗ് എന്നിവർ അടങ്ങുന്ന ഒരു ഉദ്യോഗസ്ഥ സമിതിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു വി.**

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

FEELA

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും (ഭരണ വകുപ്പുകൾ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
വ്യവസായവും കായിക യുവജനക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസിന്
ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസിന്
തുറമുഖവും പുരാവസ്തുവും പുരാരേഖയും മ്യൂസിയവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ആഭ്യന്തര - ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
കാർഷികോത് പാദന കമ്മീഷണറുടെ പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

FEELA